(ബി) പാലക്കാട് ജില്ലയിലെ ഇട്ടക്കടവ് പാലം എന്ന് നിർമ്മാണം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003 ആഗസ്റ്റ് മാസം പണി പൂർത്തിയാകുംവിധം പാലംപണികൾ പുരോഗമിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം പാലംപണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിൽ പണിയാരംഭിച്ച പാലങ്ങളും കലുങ്കുകളും

68 (2007) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ പണിയാരംഭിച്ച എത്ര പാലങ്ങളുടെയും കലുങ്കുകളുടേയും പണി പൂർത്തിയാക്കാതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ പണിക്കുള്ള കരാർ നൽകുമ്പോൾ നിശ്ചിത കാലത്തിനുള്ളിൽ അവയുടെ പണി പൂർത്തിയാക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നുവോ ;

(സി) ഇവയുടെ കാര്യത്തിൽ വ്യവസ്ഥ ചെയ്തിരുന്ന കാലം കഴിഞ്ഞുവോ ;

(ഡി) നിർദ്ദിഷ്ട സമയത്തിനുള്ളിൽ ജോലി തീരാത്ത പക്ഷം കരാറുകാരൻ ഫൈൻ നല്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ടായിരുന്നുവോ ;

(ഇ) തമ്പാനൂരിൽ പണിയുന്ന കലുങ്കിന്റെ പണി പൂർത്തിയാക്കാനുള്ള കാല താമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്ന് പാലങ്ങളുടേയും ഒരു കലുങ്കിന്റേയും പണി പൂർത്തിയാകാനുണ്ട്.

(ബി-ഡി) 3/2003-ൽ ആരംഭിച്ച പണികൾ കരാർ പ്രകാരം നാലു മാസത്തിനകം പൂർത്തിയാകേണ്ടതുണ്ടായിരുന്നുവെങ്കിലും നിർമ്മാണ വേളയിൽ നേരിട്ട ചില സാങ്കേതിക തടസ്സങ്ങൾ കാരണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. നിർദ്ദിഷ്ട സമയത്തിനുള്ളിൽ തീരാത്തപക്ഷം ഫൈൻ നൽകണമെന്ന് വ്യവസ്ഥയുണ്ട്.

(ഇ) രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാകുവിധം തമ്പാനൂരിലെ കലുങ്കിന്റെ പണികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly